ശ്രീ. പി. വി. രാകേഷിന്റെ ആശ്രിതനിയമനം

177 (3687) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ സർക്കിൾ ഇൻസ്പെക്ടർ ആയി ജോലി നോക്കവെ സർവ്വീസിലിരുന്ന് മരണമടഞ്ഞ കെ.വി. രാഘവന്റെ മകൻ കാസർഗോഡ്, നീലേശ്വരം, പള്ളിക്കര ശ്രീരാഗത്തിൽ ശ്രീ.പി.വി. രാകേഷ് ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷയിൻമേൽ നിയമന നടപടികൾ ഏതുഘട്ടത്തിലാണ്;

(ബി) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷനിൽ ബി.ടെക് ബിരുദധാരിയായ അദ്ദേഹത്തിന് യോഗ്യതയ്ക്കനുസരിച്ചുള്ള നിയമനം നൽകണമെന്ന അപേക്ഷ പരിഗണനയിലുണ്ടോ;

(സി) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യോഗ്യത അനുസരിച്ച് ഗ്രേഡ് II തസ്തികകളിലേക്കും നിയമനം അനുവദിച്ചുകൊണ്ട് ക്യാബിനറ്റ് തീരുമാനം എടുക്കുകയുണ്ടായോ;

(ഡി) ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ശ്രീ. പി. വി. രാകേഷ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എഞ്ചിനീയറിംഗ് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിനാണ് 23-3-2004-ൽ അപേക്ഷ സമർപ്പിച്ചിരുന്നത്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നത് ക്ലാസ് III, ക്ലാസ് IV, ലാസ്റ്റ് ഗ്രേഡ് സർവ്വീസ്, പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസ് എന്നീ വിഭാഗത്തിൽ മാത്രമായിരിക്കണമെന്ന് 24-5-1999-ലെ സ.ഉ. പ്രകാരം (പി) നമ്പർ 12/99/ഉപേവ വ്യക്തമായി വിവക്ഷിച്ചിട്ടുള്ളതാകയാൽ ശ്രീ. രാകേഷിന്റെ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്നും ക്ലാസ് III തസ്തികയിലേയ്ക്ക് അപേക്ഷിക്കുവാനും ശ്രീ. രാകേഷിന് 16-8-2008-ൽ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് നിരവധി ഓർമ്മക്കുറിപ്പുകൾ അയച്ചെങ്കിലും ശ്രീ. രാകേഷ് പുതുക്കിയ അപേക്ഷ സമർപ്പിക്കാത്തതിനാൽ പ്രസ്തുത അപേക്ഷയിന്മേലുള്ള നടപടി അവസാനിപ്പിച്ചിട്ടുള്ള വിവരം അപേക്ഷകനെ 31-10-2011-ലെ 30341/കെ3/2004/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതുമാണ്.

(സി &ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly